ഉത്തരം

(എ) പൊതുപ്രവർത്തകർക്കെതിരെയുണ്ടാകുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി സംസ്ഥാന നിയമസഭ ആദ്യമായി നിയമം പാസ്സാക്കിയത് 1983-ൽ ആണ്. ഈ നിയമം (കേരള പൊതുപ്രവർത്തക അഴിമതി നിരോധന നിയമം (ആക്ട് 6/84) 1984 മാർച്ച് 1-ന് നിലവിൽ വന്നു.

(ബി) നിലവിലില്ല. 1987-ൽ കേരള പൊതുപ്രവർത്തക അഴിമതി അന്വേഷണവും അന്വേഷണ വിചാരണയും ആക്ട് കേരള നിയമസഭ പാസ്സാക്കി. (ആക്ട് 24/88). ഈ നിയമം 1988 നവംബർ 16-ന് നിലവിൽ വന്നു. അതിനുശേഷം 1998 ലെ കേരള ലോക് ആയുക്ത ഓർഡിനൻസ് പ്രകാരം കേരള ലോക് ആയുക്ത നിലവിൽ വന്നു. അത് പിന്നീട് ആക്ട് 8/99 ആയി നിയമസഭ പാസ്സാക്കി.

(സി) 1983-ലെയും 1987-ലെയും നിയമത്തിലെ പബ്ളിക് മാൻ എന്ന നിർവചനത്തിൽ സർക്കാർ ഉദ്യോഗസ്ഥർ വരുന്നില്ല.

(ഡി) ഇല്ല.

(ഇ) പരിശോധിച്ച് വിവരം നല്കുന്നതാണ്.

(എഫ്) ഈ കാര്യം ആലോചിട്ടില്ല.

(ജി)&(എച്ച്) 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ സെക്ഷൻ 2(0)-ൽ പറയുന്ന പബ്ളിക് സെർവന്റ് എന്ന നിർവചനത്തിൽപ്പെടുന്നവരെല്ലാം നിലവിലുള്ള നിയമത്തിന്റെ പരിധിയിൽപ്പെടുന്നവരാണ്. ഫിനാൻഷ്യൽ കോഡ് വാല്യം 1-ൽ പ്രകാരമുള്ള വകുപ്പ് മേധാവികളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.†

അഡ്വക്കേറ്റ് ജനറൽ അംഗമായിട്ടുള്ള ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി

129(871) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ അംഗമായിട്ടുള്ള ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡി.പി.സി. യിൽ ലാ സെക്രട്ടറിയും അംഗമാണോ;

(സി) ഡി.പി.സി. മീറ്റിംഗുകളിൽ പങ്കെടുത്ത ഇനത്തിൽ ഇപ്പോഴത്തെ അഡ്വക്കേറ്റ് ജനറൽ ടി.എ., ഡി.എ. ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ഡി) അഡ്വക്കേറ്റ് ജനറലിനെ വകുപ്പ് തലവൻ ആയിട്ടാണോ സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പ് തലവൻ എന്ന നിലയിലാണോ അഡ്വക്കേറ്റ് ജനറൽ ഡി.പി.സി. യിൽ അംഗമാകുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അല്ലെങ്കിൽ ഏത് കപ്പാസിറ്റിയിലാണ് അഡ്വക്കേറ്റ് ജനറൽ പങ്കെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഹയർ ഡി.പി.സി.യും ലോവർ ഡി.പി.സി. യും.

(ബി) ലാ സെക്രട്ടറി ഹയർ ഡി.പി.സി.യുടെ കൺവീനറും ലോവർ ഡി.പി.സി. യിൽ അംഗവുമാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി)-(എഫ്) ഇന്ത്യൻ ഭരണഘടനയുടെ 165-ാം വകുപ്പ് പ്രകാരമാണ്, ഗവർണർ സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നത്. സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ അവകാശ-അധികാരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. കേരള സർവീസ് റൂൾ അഡ്വക്കേറ്റ് ജനറലിന് ബാധകമല്ല. കേരള ഫൈനാൻഷ്യൽ കോഡ് രണ്ടാം വാല്യത്തിലെ അപ്പൻഡിക്സ്-1-ൽ വകുപ്പ് മേധാവികളുടെ ലിസ്റ്റിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസാണ്. പബ്ളിക് സർവീസ് കമ്മിഷണർ ചെയർമാൻ എന്നിവരെപ്പോലെതന്നെ അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്നു. ഈ അതോറിറ്റികളുടെ കീഴിൽ വരുന്ന ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

കോടതികൾ പുനരാരംഭിക്കുന്നതിന് നടപടി

130(872) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന കോടതികൾ പുനരാരംഭിക്കുന്നതിന് ബഹു. ഹൈക്കോടതി മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മുനിസിഫ്/മജിസ്ട്രേറ്റ് കോടതികൾ ഇക്കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിലെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി സ്ഥാപിക്കാൻ കഴിയുകയുള്ളൂ. മുൻഗണനാലിസ്റ്റിൽ 16-ാം സ്ഥാനത്താണ് പാറശ്ശാല മുനിസിഫ് മജിസ്ട്രേറ്റു കോടതി ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രമേഹരോഗ നിവാരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട്

131 (873) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly